**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4382 19-10-2011-ലെ മറുപടിക്ക്

**ഇടുക്കി പാക്കേജ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>" ഹൈബി ഈഡൻ<br>" വി.പി. സജീന്ദ്രൻ<br>" പി.എ. മാധവൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | (എ) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഫണ്ട് ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി എത്രയും വേഗം നടപ്പാക്കാൻ മോണിറ്ററിംഗ് ഏജൻസിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ഇടുക്കി ഐശ്വര്യ സമിതിയും, ചീഫ് സെക്രട്ടറി തലവനായുള്ള ഇടുക്കി കർമ്മ സമിതിയും, കാർഷികോൽപ്പാദന കമ്മീഷ്ണർ തലവനായ ടാക്സ് ഇംപ്ലിമെന്റേഷൻ കമ്മറ്റിയും പദ്ധതിയുടെ നടത്തിപ്പ് യഥാസമയം വിലയിരുത്തുന്നുണ്ട്. |
| (സി) കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിനായി ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) കേന്ദ്ര സ്കീമുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ